**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 75** **04-10-2021 - ൽ മറുപടിയ്ക്ക്**

**പേൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.പി. സുമോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് 19 മൂലം പ്രതിസന്ധിയിലായ പ്രവാസികൾക്കായി സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവാസി ഭദ്രത പദ്ധതിയായ പേൾ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോവിഡ്-19 മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ മുഖേന പലിശരഹിത സംരംഭകത്വ വായ്പകളും സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് പ്രവാസി ഭദ്രതാ - പേൾ പദ്ധതിയുടെ ഉദ്ദേശ്യം. പദ്ധതിയുടെ സവിശേഷതകൾ ചുവടെ ചേർക്കുന്നു. 1)റിവോൾവിംഗ് ഫണ്ട് മാതൃകയിൽ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് സഹായം 2)സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി വ്യക്തിഗത/ഗ്രൂപ്പ് വായ്പകൾ 3) 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പ 4) 2 വർഷത്തിനുള്ളിൽ തിരിച്ചടവ് |
| (ബി) | കോവിഡ് മൂലം ജോലി നഷ്ടപ്പെട്ട് തിരികെയെത്തി സംരംഭം ആരംഭിച്ച പ്രവാസികൾക്ക് പേൾ പദ്ധതിയുടെ പ്രയോജനം ലഭിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് മൂലം ജോലി നഷ്ടപ്പെട്ട് തിരികെയെത്തി സംരംഭം ആരംഭിച്ച പ്രവാസികൾക്ക് അവരുടെ സംരംഭം വിപുലീകരിക്കുന്നതിന് ഈ പദ്ധതിയിൻ കീഴിൽ വായ്പ ലഭിക്കുന്നതാണ്. |
| (സി) | കോവിഡ് കാരണം നാട്ടിലേക്കു മടങ്ങിയ പ്രവാസികൾ എത്രയെന്നും അതിൽ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്നതിന്റെയും കണക്ക് ലഭ്യമാണോ; തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ ? | (സി) | ഏകദേശം 17 ലക്ഷം പ്രവാസി കേരളീയരാണ് ഇത്തരത്തിൽ ഈ കാലഘട്ടത്തിൽ തിരികെയെത്തിയിരിക്കുന്നത്. ആയതിൽ 12.3 ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്നാണ് 29/09/2021ലെ കോവിഡ്-19 ജാഗ്രതാ പോർട്ടലിലെ വിവരങ്ങൾ സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ തിരിച്ചെത്തിയവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപിനാവശ്യമായ തൊഴിൽ സംരംഭപദ്ധതികൾ ആവിഷ്കരിക്കുന്നതിനും 2021-22 ബജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. 1. നാനോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - പേൾ) അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭകത്വ വായ്പകളും സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ അയൽക്കൂട്ട അംഗത്വം നേടിയ പ്രവാസിയോ അല്ലെങ്കിൽ അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് ലഭിക്കുന്നത്. ഇതിന്റെ തിരിച്ചടവ് കാലാവധി 24 മാസമാണ്. 2. മൈക്രോ എൻറർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ) വിവിധ സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, എന്നിവ മുഖേന സ്വയം തൊഴിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മൈക്രോ. പരമാവധി 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ് ഇതിലൂടെ ലഭിക്കുന്നത്. അഞ്ചു ലക്ഷം രൂപ വായ്പ തുകയിൽ ഒരു ലക്ഷം രൂപ ആദ്യം തന്നെ മൂലധന സബ്സിഡി അനുവദിക്കും എന്നതാണ് പദ്ധതിയുടെ സവിശേഷത. കൃത്യമായ തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡിയും നൽകുന്നതാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്തുവരികയാണ്. 3. സ്പെഷ്യൽ അസ്സിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത - മെഗാ) സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തിരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മെഗാ. പ്രസ്തുത പലിശ നിരക്കിൽ, 5% ഗുണഭോക്താവും 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സും അനുവദിക്കും. 4. NDPREM തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട്

| | | | |
|---|---|---|---|
| | | | ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). പ്രവാസി ഭദ്രത പദ്ധതി കൂടാതെ NDPREM പദ്ധതി വിപുലീകരിച്ചതിന്റെ ഭാഗമായി പദ്ധതിവിഹിതം 2020 - 21 സാമ്പത്തിക വർഷത്തിലെ 18 കോടിയിൽ നിന്ന് 2021 – 22 സാമ്പത്തിക വർഷത്തിൽ 24.4 കോടി രൂപയായി വർധിപ്പിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കൃഷി, വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്‌പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ മുഖേനയുള്ള പ്രോജെക്റ്റ്സിനും ടി പദ്ധതി മുഖേന ബാങ്ക് വായ്പ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ